# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6117, 28. 10. 2011_ ലെ മറുപടിക്ക്

**ഡി.എ കുടിശ്ശിക**

ചോദ്യം
ശ്രീ. കെ. അജിത്

ഉത്തരം
ശ്രീ. കെ. എം. മാണി
ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ഈ ഗവൺമെൻറ് അധികാരമേറ്റ ശേഷം കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ച ഡി. എ. സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് അനുവദിക്കുന്നതിൽ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര സർക്കാർ 7% ഡി.എ. മാത്രമേ പ്രഖ്യാപിച്ചിട്ടുള്ളു. സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് ഈ ഡി. എ. നല്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | കുടിശ്ശിക കൊടുക്കുന്നത് എന്നാണെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | പരിശോധിച്ചു വരുന്നു. |
| (സി) | ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധി ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ; | സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നില്ലെങ്കിലും, ഉയർന്ന തോതിലുള്ള റവന്യൂ കമ്മി, ധനകമ്മി, കടം എന്നിവ കുറച്ചുകൊണ്ടു വരേണ്ട ബാധ്യത ഈ സർക്കാരിനുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ തേടുന്നതിനൊപ്പം, കൃത്യമായ നികുതി നിർണ്ണയത്തിലൂടേയും നികുതി ചോർച്ച തടഞ്ഞും വിഭവസമാഹരണം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. |

Jayakumar.A
സെക്ഷൻ ഓഫീസർ